(ബി) തിരുവനന്തപുരം, തൃശ്ശൂർ മൃഗശാലകളുടെ സംരക്ഷണത്തിന് ആവശ്യമായ വരുമാനം പ്രവേശന ഫീസ് മുഖേന ലഭിക്കുന്നില്ല. കേരള സർക്കാർ ആവശ്യമായ ധനസഹായം നൽകുന്നു.

(സി) ഇതുസംബന്ധിച്ച പ്രൊപ്പോസൽ നിലവിൽ ഇല്ല.

തിരുവനന്തപുരം മൃഗശാലയിൽ മരച്ചില്ലകളുടെ ശാസ്ത്രീയമായ സംസ്കരണം

367 (707) <u>ശ്രീ. എം. വി. ശ്രേയാംസ് കുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും കായ്ബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം മൃഗശാലയിലെ മൃഗങ്ങൾക്ക് നൽകുന്ന പച്ചിലകളുടെ വേസ്റ്റായി മാറുന്ന മരച്ചില്ലകൾ വീടുകളിൽ കത്തിക്കാനായി നൽകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇതു മൂലം ജനവാസ കേന്ദ്രങ്ങളിൽ വിവിധ തരം പനികൾ പടർന്നു പിടിക്കുന്നതു ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(സി) ഇത്തരത്തിൽ ഉണ്ടാകുന്ന വേസ്റ്റുകൾ ശാസ്ത്രീയമായി സംസ്കരിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) നടപടി സ്വീകരിക്കുന്നതാണ്.

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു.)

LIBRARY ARCHIVES Kerala Legislative Assembly